"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ബ്ളോക്ക് പഞ്ചായത്തുകൾ SCP/TSP വിഹിതത്തിൽ വകയിരുത്തിയതും ചെലവഴിക്കാതെ ബാക്കിയുള്ളതുമായ തുക PMAY(G) ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാനം എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.705/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2024 ലെ LSGD/PD 30982/2024- CSSA നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23-02-2026 ൽ കൂടിയ യോഗതീരുമാനം നം.4.1
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.03.2026 ലെ LSGD/PD 30982/2024- CSSA നമ്പർ കത്ത്

**ഉത്തരവ്**

ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്തിൽ PMAY(G) 2024-25 പദ്ധതിയിൽ കരാറിലേർപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വികസന വകുപ്പിൽ നിന്ന് 1 ലക്ഷം രൂപ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തിയ എസ്.സി.പി. വിഹിതത്തിൽ നിന്ന് ടി തുക അനുവദിക്കുന്നതിന് അനുമതിക്കായി പരാമർശം 1 പ്രകാരം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. മുല്ലശ്ശേരി, ചേർപ്പ്, പുഴയ്ക്കൽ, അന്തിക്കാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകളും ഇതേ ആവശ്യത്തിന്മേൽ കോ-ഓർഡിനേഷൻ കമ്മിറ്റി മുമ്പാകെ അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം 2

പ്രകാരം ഈ വിഷയം പരിശോധിക്കുകയും, PMAY(G) യുടെ പൊതു മാനദണ്ഡ പ്രകാരം കേന്ദ്ര സംസ്ഥാന വിഹിതമായ 1.20 ലക്ഷം രൂപയും (0.72 ലക്ഷം രൂപ +0.48 ലക്ഷം രൂപ) ബാക്കി അധിക വിഹിതം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്ത് 25:40:35 എന്ന അനുപാതത്തിലാണ് വകയിരുത്തേണ്ടത് എന്നു നിരീക്ഷിക്കുകയും ചെയ്തു. പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും 1.00 ലക്ഷം രൂപ കൈമാറണമെന്നതു സംബന്ധിച്ച് പ്രത്യേക സർക്കാർ ഉത്തരവ് ഇല്ല എന്ന് പട്ടികജാതി വികസന വകുപ്പിന്റെ പ്രതിനിധി അറിയിച്ച സാഹചര്യത്തിൽ ഭവന നിർമ്മാണത്തിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി, ഇരിങ്ങാലക്കുട, മുല്ലശ്ശേരി, ചേർപ്പ്, പുഴയ്ക്കൽ, അന്തിക്കാട് എന്നീ ബ്ലോക്ക് പഞ്ചായത്തുകൾ ആവശ്യപ്പെട്ട പ്രകാരം, ബ്ലോക്ക് പഞ്ചായത്തിന്റെ തന്നെ എസ്.സി.പി. വിഹിതത്തിൽ നിന്ന് ഓരോ ഗുണഭോക്താവിനും 1.00 ലക്ഷം രൂപ വീതം നൽകാനും, പട്ടിക വർഗ്ഗ കുടുംബങ്ങൾക്കാണെങ്കിൽ T.S.P. വിഹിതം നൽകുന്നതിനും പ്രത്യേക അനുമതി നൽകിക്കൊണ്ട് തീരുമാനമെടുക്കുകയുമുണ്ടായി.

3. പി.എം.എ.വൈ.(ജി) പദ്ധതി പ്രകാരം 4828 പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും 970 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും അധിക ധനസഹായ തുക അനുവദിക്കേണ്ടതുള്ളതിനാലും, കേന്ദ്ര സംസ്ഥാന വിഹിതത്തിനും ത്രിതല പഞ്ചായത്ത് വിഹിതത്തിനും പുറമേ അനുവദിക്കേണ്ട അധിക ധനസഹായ തുക പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ, പരാമർശം 2 തീരുമാനം എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ബാധകമാക്കി സർക്കാർ അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി .

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ളോക്ക് പഞ്ചായത്തുകൾ SCP/TSP വിഹിതത്തിൽ വകയിരുത്തിയതും ചെലവഴിക്കാതെ ബാക്കിയുള്ളതുമായ തുക PMAY(G) ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത് സംബന്ധിച്ച പരാമർശം 2 തീരുമാനം ചുവടെ പറയുന്ന പറയുന്ന ക്രമത്തിൽ ആനുകൂല്യം നൽകണമെന്ന നിബന്ധനയോടെ, സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i.31.01.2026 തീയതിയിലെ സ.ഉ(കൈ)നം. 40/2026/LSGD പ്രകാരം ധനസഹായം നൽകേണ്ടവർ

ii. അതത് ബ്ലോക്ക് പരിധിയിലെ ലൈഫ് ഗുണഭോക്താക്കൾ

iii. മറ്റ് PMAY(G)-LIFE ഗുണഭോക്താക്കൾ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ /ഓഡിറ്റ്),കേരള, തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡി എ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 12-03-2026 14:25:21

സെക്ഷൻ ഓഫീസർ